ആലപ്പുഴയിലെ കയർ വ്യവസായ വികസനത്തിന് ലഭിച്ച കേന്ദ്രസഹായം

116 [2865] *ശ്രീ. ടി. എൻ. പ്രതാപൻ:*

„ *വി. ജെ. പൗലോസ്:*

„ *സി. പി. മുഹമ്മദ്:*

„ *ഇ. എം. അഗസ്തി:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ കയർ വ്യവസായ വികസനത്തിന് ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുക നൽകി;

(സി) എന്തെല്ലാം പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഈ തുക നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) കേന്ദ്ര സർക്കാരിന്റെ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം (IIUS) എന്ന പദ്ധതിയുടെ ഭാഗമായി ആറാട്ടുഴ കയർ ക്ലസ്റ്റർ വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച 56.8 കോടി രൂപ ഉപയോഗിച്ച് തൊണ്ടിൽനിന്നും ചകിരി വേർതിരിക്കൽ പ്ലാന്റ്, കയറുൽപ്പാദന യൂണിറ്റുകൾ, കയർ മാറ്റിംഗ് യൂണിറ്റുകൾ, ജിയോ ടെക്സ്റ്റയിൽസ്, പിത്ത് ബ്രിക്കറ്റ് യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ, മലിനീകരണ നിയന്ത്രണ യൂണിറ്റുകൾ എന്നിവ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച അടങ്കൽ തുകയായ 56.8 കോടി രൂപയിൽ ആദ്യ ഗഡുവായി 2004-2005-ൽ 14.2 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

1-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത 2840, 2851 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

GPM. 2/587/2012.—19

LIBRARY ARCHIVES Kerala Legislative Assembly